**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 758** **11-06-2024 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പൂർത്തീകരിച്ച പ്രവൃത്തികളുടെയും ഇനി അവശേഷിക്കുന്ന പ്രവൃത്തികളുടെയും വിവരങ്ങൾ നല്കാമോ; തുറമുഖത്തിന്റെ ഉദ്ഘാടനം സംബന്ധിച്ച വിവരങ്ങൾ വിശദമാക്കാമോ; | (എ) | <u>തുറമുഖത്തിന്റെ ഉദ്ഘാടനം സംബന്ധിച്ച വിവരങ്ങൾ</u><br><br>ജൂൺ മാസത്തോടുകൂടെ പരീക്ഷണ അടിസ്ഥാനത്തിൽ (Trial Run) പ്രവർത്തനം തുടങ്ങുവാനും, ആവശ്യമായ clearances ലഭിക്കുന്ന പക്ഷം, ഒക്ടോബർ - ഡിസംബർ മാസങ്ങൾക്കിടയിൽ പൂർണമായി വാണിജ്യ അടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിക്കുവാനുമാണ് ഉദ്ദേശിക്കുന്നത് . |
| (ബി) | തുറമുഖത്ത് ആദ്യം അടുക്കുന്ന വാണിജ്യ കപ്പലിന്റെ വിവരങ്ങൾ ലഭ്യമായിട്ടുണ്ടോ; ഈ തുറമുഖത്ത് ഒരേ സമയം എത്ര വാണിജ്യ കപ്പലുകൾ അടുപ്പിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ; | (ബി) | ലഭ്യമായിട്ടില്ല. ഒന്നാംഘട്ടത്തിൽ 800 മീറ്റർ നീളമുള്ള berth ന്റെ നിർമാണമാണ് പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നത്. ഇതിൽ ഒരേ സമയം 2 കപ്പലുകളാണ് അടുപ്പിക്കുവാൻ കഴിയുന്നത് . |
| (സി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നിർമ്മാണ ചെലവും കേന്ദ്ര-സംസ്ഥാന വിഹിതവും സംബന്ധിച്ച വിവരങ്ങൾ നല്കാമോ; | (സി) | ആകെ നിർമാണ ചെലവ് : **8,867.14 കോടി രൂപ**<br><br>**AVPPL** : 2454 കോടി രൂപ<br><br>**GoK :** 5595.34 കോടി രൂപ<br><br>**GoI** : 817.80 കോടി രൂപ |
| (ഡി) | തുറമുഖം പ്രവർത്തന സജ്ജമാകുന്നതോടുകൂടി സംസ്ഥാന സമ്പദ് വ്യവസ്ഥയിലുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്ന മാറ്റങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (ഡി) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം വഴി കയറ്റുമതി-ഇറക്കുമതി വർദ്ധിക്കുന്നതിലൂടെ കേരളത്തിലെ വ്യവസായ മേഖലകളിൽ വൻ കുതിച്ചുചാട്ടമുണ്ടാകുന്നതാണ്. വിഴിഞ്ഞം തുറമുഖത്തിൽ ആദ്യ ഘട്ടത്തിൽ 10 ലക്ഷം കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുവാൻ വിഭാവനം ചെയ്യുന്നു. ഇത് 50 ലക്ഷം വരെ ഉയർത്തുവാനും ഇതിന്റെ തുടർ ഘട്ടങ്ങൾ പൂർത്തിയാകുന്നതോടു കൂടി സാധിക്കുന്നതാണ്. കണ്ടെയ്നറൊന്നിന് ശരാശരി 6 പ്രവർത്തി ദിനങ്ങൾ തുറമുഖത്തിനകത്തും പുറത്തും സൃഷ്ടിക്കപ്പെട്ടുമെന്ന് അനുമാനിക്കുന്നു. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം വഴി രാജ്യത്തിനകത്തേക്കും പുറത്തേക്കുമുള്ള ചരക്ക |

| | | | |
|---|---|---|---|
| | | | നീക്കം നടക്കുന്നതിലൂടെ കേരളത്തിന് വമ്പിച്ച രീതിയിലുള്ള തൊഴിൽ സാദ്ധ്യതകളും വരുമാന വർദ്ധനവും ലഭ്യമാകുന്നതാണ്. ഇത്തരത്തിലുള്ള ചരക്കു നീക്കം പ്രാവർത്തികമാകുന്നതോടുകൂടി കേരളത്തിലെ ചെറുകിട വ്യവസായങ്ങളായ കരകൗശലം, ഫർണിച്ചർ നിർമ്മാണം, ടെക്സ്റ്റൈൽസ്, കാർഷിക മേഖല, മത്സ്യബന്ധനം തുടങ്ങിയവയിൽ അനുബന്ധ വിപണി സാന്നിദ്ധ്യം മൂലം വൻ പുരോഗതിയും തൊഴിലവസരങ്ങളും നേട്ടങ്ങളും കൈവരുന്നതാണ്.<br><br>തുറമുഖ നിർമ്മാണ സമയത്ത് നേരിട്ടും അല്ലാതെയും ഉണ്ടാകുന്ന തൊഴിലവസരങ്ങളിൽ തദ്ദേശീയരെയും കൺസഷണയറായ AVPPL പരിഗണിച്ചു വരുന്നുണ്ട്. തുറമുഖ നിർമ്മാണ പൂർത്തീകരണത്തിനുശേഷം തുറമുഖത്തിന്റെ പ്രവർത്തന കാലയളവിലും വലിയ തോതിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്ന താണ്. വിവിധ തൊഴിലുകളിൽ തൊഴിലന്വേഷകരുടെ പ്രാവീണ്യം വർദ്ധിപ്പിക്കുന്നതിനായി ASAP ന്റെ നൈപുണ്യ പരിശീലന കേന്ദ്രം വിഴിഞ്ഞത്ത് സ്ഥാപിക്കുന്നുണ്ട്. ആയതിന്റെ നിർമ്മാണം പൂർത്തീകരിച്ചു കഴിഞ്ഞു. തുറമുഖാധിഷ്ഠിത കോഴ്സുകളുൾപ്പെടെയുള്ളവയിൽ ഇവിടെ പരിശീലനം നൽകുകയും പരിശീലനം പൂർത്തീകരിക്കുന്നവർക്ക് തുറമുഖത്തിൽ തൊഴിൽ ലഭ്യമാകുന്നതുമാണ്. കൂടാതെ, മറ്റ് തുറമുഖങ്ങളിലും ഇവർക്ക് തൊഴിൽ തേടാവുന്നതാണ്. കൂടാതെ, തുറമുഖാനുബന്ധ വികസനം സാദ്ധ്യമാകുന്നതോടെ വിവിധ വ്യവസായ ശാലകൾ സ്ഥാപിക്കപ്പെടുകയും ഇതിലൂടെ തൊഴിലന്വേഷകർക്ക് മുന്നിൽ പുത്തൻ വാതായനങ്ങൾ തുറക്കപ്പെടുകയും ചെയ്യും. |
| (ഇ) | തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രദേശവാസികൾക്ക് സംസ്ഥാന സർക്കാർ നൽകിയിട്ടുള്ള സാമ്പത്തിക സഹായങ്ങൾ വിശദമാക്കാമോ; | (ഇ) | ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും അവരുടെ പുന:രധിവാസത്തിനുമായി വിശദമായ പാക്കേജ് തയ്യാറാക്കുന്നതിന് ഒരു ഉപജീവനാഘാത നിർണ്ണയ സമിതിയും (Livilihood Impact Appraisal Committee- LIAC), അപ്പീൽ സമിതിയും സർക്കാർ രൂപീകരിക്കുക യുണ്ടായി. ഗുണഭോക്താക്കളുടെ പ്രാഥമിക റിപ്പോർട്ട് LIAC പ്രസിദ്ധീകരിക്കുകയും, ഇതിന്മേൽ ലഭിച്ച അപേക്ഷകൾ അപ്പീൽ സമിതി പരിശോധിക്കുകയും അർഹരാണെന്ന് കണ്ടെത്തിയവർക്ക് സർക്കാർ അംഗീകാരത്തോടെ ജീവനോപാധി നഷ്ടപരിഹാരം വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം 106 കോടിയിൽപ്പരം രൂപ പദ്ധതി ബാധിതർക്ക് |

ജീവനോപാധി നഷ്ടപരിഹാരമായി വിതരണം ചെയ്തു കഴിഞ്ഞു.

LIAC അപ്പീൽ കമ്മറ്റി അംഗീകരിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സർക്കാർ അംഗീകാരത്തോടെ നാളിതുവരെ വിതരണം ചെയ്ത ജീവനോപാധി നഷ്ടപരിഹാരത്തിന്റെ വിവരവും ചുവടെ ചേർക്കുന്നു.

ഇതിനു പുറമേ പദ്ധതി പ്രദേശത്ത് സാമൂഹിക പ്രതിബദ്ധതാ പദ്ധതി പ്രകാരം സർക്കാർ നേരിട്ടും, കൺസഷണയറായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡുമായി ചേർന്നും മറ്റനവധി സാമൂഹിക ക്ഷേമ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്.

**കോട്ടപ്പുറം ഇടവക ഉന്നയിച്ച വിഷയങ്ങളിൽ നടപ്പിലാക്കിയവ താഴെപ്പറയുന്നവയാണ്:**

**ആരോഗ്യം (വിഴിഞ്ഞം CHC)**

നിലവിലെ വിഴിഞ്ഞം CHC യെ 80 കിടക്കകളുള്ള ഒരു താലൂക്ക് ആശുപത്രിക്ക് തുല്യമായി ഉയർത്തുന്നതിനാ യുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു. കെട്ടിട നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞു. ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**പകൽ വീട്**

വൃദ്ധജനങ്ങളുടെ സംരക്ഷണത്തിനും ക്ഷേമത്തിനു മായി കോട്ടപ്പുറത്ത് ഒരു പകൽ വീട് സ്ഥാപിക്കുന്നതിനായി 4 കോടി രൂപ മതിപ്പ് ചെലവ് വരുന്ന ഒരു പദ്ധതി ഫിഷറീസ് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ഇതിനനുയോജ്യമായ സ്ഥലം കണ്ടെത്തിക്കഴിഞ്ഞു. സ്ഥലം ഏറ്റെടുക്കുന്നതിനായി 1,44,28,793/ രൂപയും ചേർത്ത് ആകെ 5,44,28,793/ രൂപയാണ് പദ്ധതിക്കായി ആവശ്യമുള്ളത്. ടി സ്ഥലം വാങ്ങുന്നതിനും പദ്ധതി നടപ്പിലാക്കുന്നതിനുമായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**ഗംഗയാർ തോടിന്റെ ശുചീകരണവും അറ്റകുറ്റപ്പണികളും**

ഗംഗയാർ തോടിലെ മാലിന്യങ്ങൾ നീക്കം ചെയ്ത് ഗംഗയാറിന്റെ സ്വാഭാവിക നീരൊഴുക്ക് നില നിർത്തുന്നതിനായുള്ള സമഗ്ര പദ്ധതി മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെൻറ് മുഖാന്തിരം ആവിഷ്കരിച്ച് സർക്കാർ അംഗീകാരത്തോടെ നടപ്പിലാക്കുകയുണ്ടായി. 1.18 കോടി രൂപയാണ് പദ്ധതിയുടെ മതിപ്പ് ചെലവ്.

**കുടിവെള്ളം**

തുറമുഖ പദ്ധതിയോടനുബന്ധിച്ച് 7.3 കോടി രൂപ ചെലവിൽ 3.3 ദശ ലക്ഷം ലിറ്റർ ജലം ശുദ്ധീകരിച്ച് നൽകുന്ന പദ്ധതിയിലൂടെ പ്രദേശത്ത് ജലം വിതരണം ചെയ്യുന്നുണ്ട്. കൂടാതെ, കോട്ടപ്പുറം പ്രദേശത്തെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി കഴിഞ്ഞ വർഷം 1.74 കോടി രൂപ ചെലവിൽ ടി പ്രദേശത്തെ ഭൂരിഭാഗം വീടുകളിലും (1000 ൽപ്പരം) ജല വിതരണ കണക്ഷൻ നൽകിക്കഴിഞ്ഞു.

**കളിസ്ഥലം**

തുപ്പാശിക്കുടി പ്രദേശത്ത് HED യുടെ ഉടമസ്ഥതയിലുള്ള 1 ഏക്കർ സ്ഥലം കളിസ്ഥലത്തിനായി സർവ്വേ നടത്തി അടയാളപ്പെടുത്തുകയും കായിക അടിസ്ഥാന സൗകര്യങ്ങളോടുകൂടി കളിസ്ഥലം നിർമ്മിക്കുന്നതി നായി 1.75 കോടി രൂപയുടെ എസ്റ്റിമേറ്റ് സ്പോർട്സ് കേരള ഫൗണ്ടേഷൻ സമർപ്പിച്ചിട്ടുണ്ട്. ഇതിന്മേൽ ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്.

**ശുചിത്വം**

നിലവിലെ മത്സ്യബന്ധന തുറമുഖ പ്രദേശത്ത് അജൈവ ഖര മാലിന്യ സംസ്കരണ കേന്ദ്രം (MRF) സ്ഥാപിക്കുന്നതിനായി ക്ലീൻ കേരള കമ്പനിയും SEUF ഉം ചേർന്ന് 1.05 കോടി രൂപ മതിപ്പ് ചെലവ് വരുന്ന പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. AVPPL ഉം VISL ഉം തുല്യമായി ചെലവ് വഹിക്കുന്ന ഈ പദ്ധതിക്ക് സർക്കാർ അനുമതിയും ഫണ്ടും ലഭ്യമായിട്ടുണ്ട്. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

**വിദ്യാഭ്യാസം**

കേരള സർക്കാരിന്റെ നൈപുണ്യ വികസന പരിശീലന കേന്ദ്രം (ASAP) VISL ലഭ്യമാക്കിയ കോട്ടപ്പുറത്തെ സ്ഥലത്ത് സ്ഥാപിക്കുന്നുണ്ട്. തുറമുഖാധിഷ്ഠിത കോഴ്സുകൾ ഉൾപ്പെടെ

| | | | |
|---|---|---|---|
| | | | പ്രദേശവാസികൾക്ക് മുൻഗണന നൽകി ഇവിടെ നടപ്പിലാക്കുന്നതാണ്. നൈപുണ്യ പരിശീലന കേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണ്.<br><br>**<u>വയലിൻകരയിലുള്ള 39 വീടുകളുടെ വെള്ളക്കെട്ടും പുനർ നിർമ്മാണവും</u>**<br><br>പ്രദേശത്തെ വെള്ളക്കെട്ട് പരിഹരിക്കുന്നതിനായുള്ള ഓട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.<br><br>**<u>പാർപ്പിടം</u>**<br><br>കോട്ടപ്പുറം പ്രദേശത്ത് ഭവന രഹിതരായ 1026 ൽപ്പരം ആളുകൾക്ക് LIFE മിഷൻ പദ്ധതിയിലൂടെ വീട് നൽകുവാനായി നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. പ്രദേശത്ത് സ്വന്തമായി വീടില്ലാത്തതും സ്ഥലമുള്ളതു മായ 84 പേർക്ക് (PMAY+U) - LIFE പദ്ധതിയിലുൾ പ്പെടുത്തി ഇതിനകം വീട് നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. LIFE പദ്ധതിയ്ക്ക് ആവശ്യമായ സ്ഥലം കണ്ടെത്തിക്കഴിഞ്ഞാൽ 1026 പേർക്ക് മുൻഗണന നൽകി ഭവനങ്ങൾ വിതരണം ചെയ്യുന്നതാണ്.<br><br>**<u>സീഫുഡ് പാർക്ക്</u>**<br><br>തദ്ദേശവാസികൾക്കും മത്സ്യത്തൊഴിലാളികൾക്കും പരമാവധി പ്രയോജനവും തൊഴിലും ലഭ്യമാകുന്ന രീതിയിൽ കോട്ടപ്പുറത്ത് ഒരു സീഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനായി VISL ന്റെ സ്ഥലം അടയാളപ്പെടുത്തി നടപടികൾ സ്വീകരിച്ചു വരുന്നു. |
| (എഫ്) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് അനുബന്ധമായി എന്തൊക്കെ സംരംഭങ്ങളാണ് നിലവിൽ വരുന്നതെന്ന് വിശദമാക്കാമോ? | (എഫ്) | സീഫുഡ് പാർക്ക് (Seafood Park), Logistic warehouse, തുറമുഖ അടിസ്ഥാന വ്യാവസായിക ഇടനാഴി (port based industrial corridor) / Maritime cluster, ഗ്രീൻ ഹൈഡ്രജൻ ഹബ്ബ് തുടങ്ങിയവ വിഭാവനം ചെയ്യുവാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ

Ans. എ)

| തുറമുഖ പദ്ധതിയുടെ പ്രവർത്തനങ്ങൾ | നാളിതുവരെ പൂർത്തീകരിച്ചത് (ശതമാനക്കണക്കിൽ) |
|---|---|
| ഡ്രെഡ്ജിംഗ് & റിക്ലമേഷൻ | 98% |
| ബ്രേക്ക് വാട്ടർ | 81% |
| ബെർത്ത് | 92% |
| കെട്ടിടങ്ങൾ | 94% |
| കണ്ടെയ്നർ യാർഡ് | 74% |
| പദ്ധതി ഉപകരണങ്ങൾ (ക്രെയിനുകൾ, ടഗ്ഗുകൾ തുടങ്ങിയവ) | 91% |
| ഗേറ്റ് സമുച്ചയവും റോഡും | 70% |
| പദ്ധതിയുടെആകെ പുരോഗതി | 88% |

| ക്രമ നം. | മത്സ്യബന്ധന വിഭാഗം | ഗുണഭോക്താക്കളുടെ എണ്ണം | നൽകിയ നഷ്ടപരിഹാരത്തുക (കോടിയിൽ) |
|---|---|---|---|
| 1 | ചിപ്പിത്തൊഴിലാളികൾ | 262 | 12.36 |
| 2 | കരമടി ഉടമസ്ഥന്മാരും തൊഴിലാ ളികളും | 915 | 54.81 |
| 3 | കരമടിഅനുബന്ധ സ്ത്രീ ചുമട്ടുത്തൊഴിലാളികൾ | 11 | 0.11 |
| 4 | കട്ടമരം ഉടമസ്ഥന്മാർ | 45 | 1.89 |
| 5 | മണ്ണെണ്ണ ആനുകൂല്യം | 1121 | 31.57 |
| 6 | റിസോർട്ട് തൊഴിലാളി കൾ | 211 | 6.08 |
| 7 | സ്വയം സഹായ സംഘങ്ങൾ (4 ഗ്രൂപ്പുകൾ) | 33 | 0.08 |
| | ആകെ | 2697 | 106.93 |